എന്നാൽ ഈ പദ്ധതിയോട് ചേർന്നുതന്നെ 60 മെഗാവാട്ടിന്റെ ഒരു പുതിയ പവ്വർ ഹൗസ് (പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട്) നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പുതിയ പദ്ധതി വരുമ്പോൾ നിലവിലുള്ള പദ്ധതിയുടെ പെൻസ്റ്റോക്കുകളും അതോടൊപ്പം മാറ്റുന്നതാണ്. അപ്പോൾ പള്ളിവാസൽ പദ്ധതിയുടെ പൂർണ്ണ സ്ഥാപിതശേഷിയും (37.5 മെഗാവാട്ട്) ഉപയോഗപ്പെടുത്താൻ കഴിയും.

മേപ്പയൂർ സെക്ഷൻ ഓഫീസിന്റെ കീഴിലുള്ള കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ വൈദ്യുതീകരണം

23 (2301) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ സെക്ഷൻ ഓഫീസിന്റെ കീഴിലുള്ള കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) വൈദ്യുതീകരണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ മിനിമം ഗ്യാരന്റി പ്രകാരമുള്ള വൈദ്യുതി ലൈൻ പണി പൂർത്തീകരിച്ചിട്ടുള്ളതും ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നതും ആകുന്നു.

(ബി) മിനിമം ഗ്യാരന്റി പ്രകാരം കരാർ വച്ചവരിൽ 23 പേർ മാത്രമേ കണക്ഷന് ആവശ്യമായ രേഖകൾ ഹാജരാക്കി കരുതൽ തുക അടച്ചിട്ടുള്ളൂ.

(സി) ലൈൻചാർജ് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം

24 (2302) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ നിയോജക മണ്ഡലത്തിൽപ്പെട്ട തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ കരാർ ഏറ്റെടുത്ത് നടത്തുന്നത് ഏത് ഏജൻസിയാണ് ;

(സി) നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിർക്കുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ മാൻട്രൂയൂർ എന്ന കമ്പനിയാണ് കരാർ ഏറ്റെടുത്ത് നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) കൺട്രോൾ റൂമിന്റെ ചോർച്ച തടയുന്നതിന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കരാർ കൊടുത്തിരിക്കുന്ന കമ്പനി പ്രവൃത്തികൾ തുടർന്ന് നടത്താത്തതുകൊണ്ട് പ്രവൃത്തികൾ പുരോഗമിച്ചിട്ടില്ല. കൂടാതെ ഇവിടേയ്ക്ക് നിർമ്മിക്കുന്ന 33 കെ.വി. ലൈനിന്റെ മാർഗ്ഗ തടസ്സങ്ങൾ സംബന്ധിച്ചുള്ള കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ എടുക്കുകയും മാൻഡ്രൂയൂർ കമ്പനിയോട് നിർമ്മാണ ജോലികൾ ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പുതിയറയിലെ 66 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം

25 (2303) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയറയിലെ 66 കെ.വി. ഗ്യാസ് ഇൻസ്റ്റലേറ്റഡ് സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഇതിന് ആവശ്യമായ ഫണ്ട് വൈദ്യുതി ബോർഡ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയറയിലെ 66 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ എലിൻ ഫൊളോക്ക് എന്ന വിദേശ കമ്പനിയുടെ എഞ്ചിനീയർമാരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓർഡർ നൽകിയിട്ടുണ്ട്.

(സി) ഇതിന് ആവശ്യമായ ഫണ്ട് 70,08,936 രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly